പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2770

02/04/2013-ൽ
മറുപടിയ്ക്ക്

<u>സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയുടെ കമ്പ്യൂട്ടർ യോഗ്യത</u>

**ചോദ്യം**

**മറുപടി**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റിന്റെ തസ്തികയിലേക്ക് പി.എസ്.സി നടത്തുന്ന പരീക്ഷയിൽ കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധമാക്കിയതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ അംഗീകരിക്കേണ്ടതിന്റെ ആവശ്യാർത്ഥം ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ലെറ്റർ നമ്പർ സി.4/8847/2012 തീയതി 7-8-2012 നമ്പരായി ഒരു കത്ത് പി & എ.ആർ.ഡി.യിലേക്ക് അയച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇതിൽ കേരള യൂണിവേഴ്സിറ്റി നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറിയായി ബി.എസ്.സി ഫിസിക്സ് ബിരുദം ലഭിച്ചവരെ ഡി.സി.എ-യ്ക്ക് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും ഇതേ ഡിഗ്രി ലഭിച്ചവരെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ ; | (സി) & (ഡി) | ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത കോഴ്സുകളാണ് അംഗീകരിച്ചിട്ടുള്ളത്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് മറ്റ് കോഴ്സുകൾ അംഗീകരിക്കുന്ന കാര്യം പരിശോധിക്കുമെന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും സമാന ബിരുദം ലഭിച്ചവർക്കു കൂടി പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | | |

സെക്ഷൻ ഓഫീസർ